**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | ആലത്തൂർ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിന് കൈമാറി ലഭിച്ച ആലത്തൂർ താലൂക്കിൽ കുഴൽമന്ദം 1 വില്ലേജിൽ ബ്ലോക്ക് നം.17 ൽ റീ സർവ്വേ നം. 672/6-ൽ പ്പെട്ട 20.23 ആർ (50 സെന്റ്) ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ആർക്കിടെക്ചറൽ ഡ്രോയിംഗ്, പ്ലാൻ എന്നിവ പൊതുമരാമത്ത് വകുപ്പ് ആലത്തൂർ കെട്ടിടവിഭാഗം തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് കൂടി ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് പാലക്കാട് ജില്ലാ ഫയർ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സ്ഥലം കൈമാറി ലഭിക്കുന്നതിലും ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാക്കുന്നതിലും നേരിയ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (സി) | അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (സി) | പൊതു മരാമത്ത് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ